# *മുൾവേലിയ്ക്കുള്ളിലെ നിത്യത*

[ഡോ. ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

അകലത്തയലത്തെ വനത്തിൽ
അയലത്തകലത്തെ ഉദ്യാനത്തിൽ
ചെമന്ന പനിനീർ(പ്പൂ):
കാണാനാവില്ല –
കാണാതിരിക്കാനാവില്ല.
നോക്കാനാകില്ല –
നോക്കാതിരിക്കാന്നറിയില്ല.
മണക്കാനനുവാദമില്ല –
മണക്കാതിരിക്കാൻ ആവതില്ല.

കൃഷ്ണമണിയുടെ ചാരുത
വായ്ക്കപ്പൽ നങ്കൂരമിടുന്ന ഓളം
കാവൽച്ചുണ്ടിലെ സുരക്ഷാപ്പല്ലിതൾ.

“നായ്ക്കളെ സൂക്ഷിക്കുക,”
നായകന്റെ അടയാള വാക്യം.
കടിക്കുന്ന മുരൾച്ച
നായികയുടെ അപായച്ചങ്ങല:
വരപ്പുറം കാട്ടുന്ന
ലക്ഷ്മണന്റെ ലാക്ഷണികത.

“പൂ” പറിക്കരുത്!
“പുഷ്പം” മോഷ്ടിക്കരുത്!
“സൂനം” അടർത്തരുത്!
“കുസുമം” മോഹിക്കരുത്!
“സുമനസ്സി”ന്റെ നിഷിദ്ധത

അമരമനക്കോശത്തിലെ
അരമനമുറിയിലെ നീലിമയുടെ
അനുപാതമില്ലാത്ത പക്ഷപാതം,
നിലവറയിലെ അസുരപാനം,
പറുദീസാക്കവാടം അടയ്ക്കുന്ന
മോഹം അടക്കുന്ന മുൾസ്സർപ്പക്കാവിലെ
പാലൂട്ടു മുടക്കുന്ന മുനയുള്ള കമ്പിവേലി.

സമയക്കെണിയുടെ ചടഞ്ഞിരിപ്പിൽ
മാസം തികയ്ക്കണ പോഷകമൂലി,
ചെമ്പരവതാനിയിലെ പരിമളം.
പരിഭോഗ നിയന്ത്രണ നിയമപാലർ.
കൺവെട്ടിക്കും കൺവെട്ടത്തിൽ
അന്തപുരമന്ത്രം ഉരുക്കഴിച്ച്
പരിരംഭണ രുദ്രാക്ഷ നിമന്ത്രണം.
പ്രമദവന റോസാഗന്ധം
പുഷ്പക വൈമാനിക
ശൃംഗാരപദ നിർവാണനിശ.
സൌഗന്ധികം പൂക്കും അലച്ചിലിൽ
വിപ്രലംഭം മായ്ക്കും ഗാന്ധർവം
തവണ കാക്കും ഭീമാകാര പീനത
ഊഴം പങ്കിടാത്ത സസൂക്ഷ്മത.
*****************************************************************